പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 291 08.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമതാ വർദ്ധനവ്

ചോദ്യം

ശ്രീ.കെ.ഡി. പ്രസേനൻ
" ബി.ഡി. ദേവസ്സി
" എ. പ്രദീപ്കുമാർ
" ആന്റണി ജോൺ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലെത്തുന്ന സമയം കെ.എസ്.ആർ.ടി.സി.ക്ക് പ്രതിമാസം നൂറ്റി മുപ്പത് കോടിയോളം രൂപ വരുമാന വിടവുണ്ടായിരുന്നത് പതിനഞ്ച് കോടിയോളം രൂപയായി കുറയ്ക്കാൻ സാധ്യമായതിന് നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ട് മുമ്പത്തെ മാസമായ ഏപ്രിൽ 2016-ൽ കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം എകദേശം 124 കോടി രൂപയായിരുന്നു. ഈ ഭീമമായ ചെലവിന് കാരണം പെൻഷൻ വിതരണവും ശമ്പള വിതരണവും വായ്പായിനത്തിലെ ഉയർന്ന തിരിച്ചടവുമായിരുന്നു. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിച്ചിരുന്ന ഈ ഗുരുതരമായ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനു വേണ്ടി, സർക്കാർ മുൻകൈയ്യെടുത്ത് നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റി. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ദീർഘകാല വായ്പയായി 9.2% പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചു തീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവ് ഉണ്ടായി.<br>കെ.എസ്.ആർ.ടി.സി. മുഖ്യമായും സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നത് പെൻഷൻ നൽകുന്നതിനാണ്. കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ഏർപ്പെടുത്തിയപ്പോൾ ഇതി |

| | | | |
|---|---|---|---|
| | | | നായി ഒരു സഞ്ചിത നിധി ആരംഭിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം വരുമാനത്തിൽ നിന്ന് പെൻഷന് ആവശ്യമായ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിന്നിരുന്നതിനാൽ, സർക്കാർ മുൻകൈയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവ മുഖേന കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തിവരുന്നു. ഇപ്രകാരം, സംസ്ഥാന സഹകരണ വകുപ്പിന്റെ മേൽ നോട്ടത്തിൽ 2019 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ നൽകിക്കഴിഞ്ഞു. കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്ന പെൻഷൻ തുക, 10% പലിശ സഹിതം, 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് വകയിരുത്തിയിട്ടുള്ള 1000 കോടി രൂപയുടെ വായ്പാ ധനസഹായത്തിൽ നിന്നും, തിരിച്ചടച്ചു വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും വിവിധ കുടിശ്ശികകൾ തീർക്കുന്നതിനുമായി ഇപ്പോൾ പ്രതിമാസം 20 കോടി രൂപയും ടി 1000 കോടി രൂപയിൽ നിന്നും അനുവദിച്ച് നൽകുന്നുണ്ട്.<br>പർച്ചേസ് നടത്തുന്നതിൽ വരുത്തിയ മാറ്റങ്ങൾ, ഡീസൽ വിലയിലെ കിഴിവ് എന്നിവ മുഖാന്തിരം പ്രതിമാസം 4.9 കോടി രൂപ ചെലവ് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഫ്യൂവൽ എഫിഷ്യൻസി 4.15-ൽ നിന്നും 4.28 ആയി ഉയർത്തിയത് വഴി 1.79 കോടി രൂപ പ്രതിമാസം ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>ഈ നടപടികളുടെ ഫലമായി, സർക്കാർ നൽകുന്ന വായ്പാ ധനസഹായം കൂടി കണക്കിലെടുത്താൽ, വരുമാനവും ചെലവും തമ്മിലുള്ള പ്രതിമാസ അന്തരം ശരാശരി 30 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | കേന്ദ്രസർക്കാർ നയം കൊണ്ടും സെസ് വർദ്ധിപ്പിച്ചതുകൊണ്ടും ഡീസൽ വില വർദ്ധിക്കുന്നത് കെ.എസ്.ആർ.ടി.സി.ക്ക് പ്രതിമാസം എത്ര അധിക സാമ്പ | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പ്രധാന ചെലവുകളിൽ ഒന്ന് ഇന്ധന ഇനത്തിലാണ് ജനുവരി 1/ 2019-ൽ ഡീസൽ വില ലിറ്ററിന് 59.93 രൂപയായിരുന്നത് നിലവിൽ 66.27 രൂപയായി വർദ്ധിച്ചിട്ടുണ്ട്. തന്മൂലം പ്രതി |

| | | | |
|---|---|---|---|
| | ത്തിക ബാധ്യത സൃഷ്ടിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ; | | ലിറ്ററിന് 6.34 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെ പ്രതിമാസ ഉപഭോഗം 12900 കിലോലിറ്റർ ആണെന്നിരിക്കെ ഈ ഇനത്തിൽ പ്രതിമാസം 8.18 കോടി രൂപയുടെ അധിക ബാധ്യത വന്നിട്ടുണ്ട്. |
| (സി) | ഈ സാഹചര്യത്തിൽ ഇന്ധന ചെലവ് കുറഞ്ഞതും അന്തരീക്ഷ മലിനീകരണം ഇല്ലാത്തതുമായ ഇലക്ട്രിക് ബസുകളും സി.എൻ.ജി. ബസുകളും പുതുതായി വാങ്ങാൻ പദ്ധതിയുണ്ടോ; | (സി) | കേന്ദ്ര സർക്കാരിന്റെ FAME II പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 250 ഇലക്ട്രിക് ബസ്സുകൾ വെറ്റ്ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. സി.എൻ.ജി. ബസ് ഒരെണ്ണം പരീക്ഷണാടിസ്ഥാനത്തിൽ ആലുവ - എറണാകുളം - വൈറ്റില റൂട്ടിൽ സർവ്വീസ് നടത്തിവരുന്നുണ്ട്. |
| (ഡി) | ജീവനക്കാരുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി. യുടെ കാര്യക്ഷമത വർദ്ധനവിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | | സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച്, വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണപദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്. ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്. ആർ.ടി.സി.യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ റൂട്ടുകളിലേയ്ക്ക് ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് മേഖലകളായി തിരിച്ച് അസിസ്റ്റന്റ് വർക്സ് മാനേജർമാരെ നിയോഗിച്ച് തുടർ നടപടി സ്വീകരിച്ച് വരുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമത വർദ്ധനവിന് ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേക്കായി കോർപ്പറേഷനിലെ തൊഴിലാളി സംഘടന പ്രതിനിധികളുമായി വിവിധ ഘട്ടങ്ങളിലായി ഗതാഗത വകുപ്പ് മന്ത്രിതലത്തിലും, കോർപ്പറേഷൻ മാനേജ്മെന്റ് തലത്തിലും ചർച്ചായോഗങ്ങൾ ചേരുകയും പ്രസ്തുത ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിവിധ വിഭാഗം ജീവനക്കാരുടെ ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**